മാർക്കറ്റ്

12.53	↑ സെൻസെക്സ്	36386.61
1.75	↑ നിഫ്ടി	10906.95

സ്വർണം

പവൻ (8ഗ്രാം)	24,040
ഒരു ഗ്രാം	3005

ഇന്ത്യ തിളങ്ങുമെന്ന് ഐ.എം.എഫ്

ന്യൂഡൽഹി: ഇന്ത്യ 2019ൽ 7.5 ശതമാനവും അടുത്തവർഷം 7.7 ശതമാനവും ജി.ഡി.പി വളർച്ച നേടുമെന്നും ലോകത്തെ ഏറ്റവും വേഗം വളരുന്ന വലിയ സമ്പദ്‌വ്യവസ്ഥയെന്ന പട്ടം നിലനിറുത്തുമെന്നും അന്താരാഷ്ട്ര നാണ്യ നിധിയുടെ (ഐ.എം.എഫ്) റിപ്പോർട്ട്. 2019 ലും 2020ലും ചൈനയുടെ വളർച്ച 6.2 ശതമാനമായിരിക്കുമെന്നും ഐ.എം.എഫിന്റെ ഈമാസത്തെ വേൾഡ് എക്കണോമിക് ഔട്ട്‌ലുക്ക് റിപ്പോർട്ടിലുണ്ട്.

ക്രൂഡോയിൽ വിലക്കുറവും അത്ഭുതകരമായ രൂപത്തിലുണ്ടാകുന്ന ഇടിവുമാണ് ഇന്ത്യയ്ക്ക് നേട്ടമാകുക. നാണയപ്പെരുപ്പം കുറയുന്നതിനാൽ പലിശനിരക്കിലെ കടുംപിടിത്തം റിസർവ് ബാങ്ക് ഒഴിവാക്കുമെന്നതും ഇന്ത്യയ്ക്ക് നേട്ടമാകും. എന്നാൽ, അമേരിക്കയുമായി തുടരുന്ന വ്യാപാരത്തർക്കവും അമേരിക്ക ഏർപ്പെടുത്തിയ ഉയർന്ന നികുതിയും ചൈനയ്ക്കും തിരിച്ചടിയാകും.

യൂണിയൻ ബാങ്കിന് ₹153 കോടി ലാഭം

മുംബയ്: പൊതുമേഖലാ ബാങ്കായ യൂണിയൻ ബാങ്ക് ഒക്ടോബർ-ഡിസംബർ പാദത്തിൽ 153.2 കോടി രൂപയുടെ ലാഭം സ്വന്തമാക്കി. തൊട്ടു മുൻവർഷത്തെ സമാന പാദത്തിൽ 124.98 കോടി രൂപയുടെ നഷ്ടമാണ് ബാങ്ക് രേഖപ്പെടുത്തിയിരുന്നത്. പ്രവർത്തനേതര വരുമാന വർദ്ധന, കിട്ടാക്കടം തരണം ചെയ്യാനുള്ള നീക്കിയിരിപ്പ് തുകയിലെ (പ്രൊവിഷനിംഗ്) കുറവ് എന്നിവയാണ് കഴിഞ്ഞപാദത്തിൽ ബാങ്കിന് നേട്ടമായത്.

25.4 ശതമാനം വർദ്ധിച്ച് 1,095 കോടി രൂപയാണ് പ്രവർത്തനേതര വരുമാനം. മൂന്നാം പാദത്തിൽ ഇത് 873 കോടി രൂപയായിരുന്നു. 15.74 ശതമാനത്തിൽ നിന്ന് 15.66 ശതമാനമായാണ് മൊത്തം നിഷ്ക്രിയ ആസ്തി താഴ്ന്നത്. അറ്റ നിഷ്ക്രിയ ആസ്തി 8.42 ശതമാനത്തിൽ നിന്ന് 8.27 ശതമാനത്തിലേക്കും കുറഞ്ഞു.

റിന്യൂവബിൾ എനർജി മീറ്റ് നിർദ്ദേശം

പാരമ്പര്യേതര ഊർജോത്പാദനം കൂട്ടാൻ നയം ഉദാരമാക്കണം

■ നികുതി കുറയ്ക്കണം ■ നിക്ഷേപം ആകർഷിക്കണം

▸ അനിൽകുമാർ ശർമ്മ

സോളാർ പാനൽ

കാറ്റാടിയന്ത്രം

ന്യൂഡൽഹി: പാരമ്പര്യേതര ഊർജോത്പാദനം (റിന്യൂവബിൾ എനർജി) കൂട്ടാൻ കേന്ദ്ര നയങ്ങളിൽ മാറ്റം വരുത്തണമെന്ന് സെന്റർ ഫോർ സയൻസ് ആൻഡ് എൻവയൺമെന്റിന്റെ (സി.എസ്.ഇ) ആഭിമുഖ്യത്തിൽ ന്യൂഡൽഹിയിൽ നടക്കുന്ന ദ്വിദിന റിന്യൂവബിൾ എനർജി കോൺഫറൻസ് ആവശ്യപ്പെട്ടു.

2022ഓടെ 100 ജിഗാ വാട്ട് സൗരോർജവും കാറ്റാടിയിൽ നിന്ന് (വിൻഡ് മിൽ) 60 ജിഗാവാട്ട് ഊർജവും ഉത്പാദിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. എന്നാൽ, സോളാർ പാനലുകൾക്ക് ഏർപ്പെടുത്തിയ 18 ശതമാനം നികുതി തിരിച്ചടിയാകും. സോളാർ പാനലുകളിൽ 90 ശതമാനവും ഇറക്കുമതി ചെയ്യുന്നത് ചൈനയിൽ നിന്നാണ്. ഇവയ്ക്ക് 25 ശതമാനം അധിക നികുതി ഏർപ്പെടുത്തിയതും തിരിച്ചടിയാണ്.

സാമ്പത്തിക ഞെരുക്കമാണ് പാരമ്പര്യേതര ഊർജോത്പാദന മേഖലേ നേരിടുന്ന മറ്റൊരു പ്രതിസന്ധി. ബാങ്കുകളിലെ കിട്ടാക്കടത്തിൽ മുതിയപങ്കും ഊർജോത്പാദന മേഖലയിൽ നിന്നായതിനാൽ വായ്പാലഭ്യതയില്ല. നികുതി കുറയ്ക്കുന്നതിലൂടെ ഈ മേഖലയിലേക്ക് വിദേശ നിക്ഷേപമുൾപ്പെടെ ആകർഷിക്കാൻ സർക്കാരിന് കഴിയും.

സമ്മേളനത്തിന്റെ ആദ്യദിനം നടന്ന വിവിധ സെഷനുകളിൽ പ്രമുഖ പരിസ്ഥിതി പ്രവർത്തകയും സി.എസ്.ഇ ഡയറക്ടർ ജനറലുമായ സുനിത നാരൈൻ, സി.എസ്.ഇ അഡ്വൈസർ പ്രിയവ്രത്ഭാട്ടി, ഇന്റർനാഷണൽ സോളാർ അലയൻസ് ഡയറക്ടർ ജനറൽ ഉപേന്ദ്ര ത്രിപാഠി, ടാറ്റാ പവർ സോളാർ സി.ഒ.ഒ അരുൾ ഷൺമുഖസുന്ദരം, ഇക്യൂ സീനിയർ വൈസ് പ്രസിഡന്റ് സബ്യസാചി മജൂംദാർ തുടങ്ങിയ പ്രമുഖർ സംസാരിച്ചു.

മറ്റ് നിർദ്ദേശങ്ങൾ

- പാരമ്പര്യേത ഊർജം കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കണം
- വിദേശ കമ്പനികളുമായി സംയുക്ത സംരംഭം തുടങ്ങണം
- ഗവേഷണ-വികസന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം
- ഊർജ വിതരണം സ്വകാര്യ സംരംഭകരെയും ഏല്പിക്കണം
- അങ്ങനെയായാൽ കൂടുതൽ പേരിലേക്ക് എത്തിക്കാനാകും

100 ജിഗാവാട്ട്

2022ഓടെ സൗരോർജോത്പാദനം 100 ജിഗാവാട്ടിലേക്കും കാറ്റാടിയിൽ നിന്നുള്ള ഊർജോത്പാദനം 60 ജിഗാവാട്ടിലേക്കും ഉയർത്തുകയാണ് ലക്ഷ്യം. നിലവിൽ സൗരോർജത്തിൽ നിന്നുള്ള ഉത്പാദനം 20 ജിഗാവാട്ടും കാറ്റാടിയിൽ നിന്നുള്ളത് 23 ജിഗാവാട്ടുമാണ്.

₹6 ലക്ഷം കോടി

പാരമ്പര്യേതര ഊർജോത്പാദനത്തിൽ ലക്ഷ്യം കാണാൻ 2022ഓടെ ആറു ലക്ഷം കോടി രൂപയുടെ നിക്ഷേപം വേണ്ടിവരുമെന്നാണ് സി.എസ്.ഇയുടെ വിലയിരുത്തൽ. ഇതിനായി വിദേശ നിക്ഷേപം ആകർഷിക്കുകയും ബാങ്ക് വായ്പ ലഭ്യമാക്കുകയും വേണം

ചൈനയുടെ ജി.ഡി.പി 28 വർഷത്തെ താഴ്ചയിൽ

ബെയ്ജിംഗ്: അമേരിക്കയുമായി നിലനിൽക്കുന്ന വ്യാപാര പോര് ചൈനയുടെ മൊത്ത ആഭ്യന്തര ഉത്പാദന (ജി.ഡി.പി) വളർച്ചയെ 2018ൽ 28 വർഷത്തെ താഴ്ചയിലേക്ക് വീഴ്ത്തി. 6.5 ശതമാനം വളർച്ച പ്രതീക്ഷിച്ചിടത്ത് 6.4 ശതമാനം മാത്രം വളരാനാണ് കഴിഞ്ഞ വർഷം ചൈനയ്ക്ക് കഴിഞ്ഞത്. 1990ന് ശേഷം ചൈന കുറിക്കുന്ന ഏറ്റവും മോശം വളർച്ചയാണിത്. 2017ൽ വളർച്ച 6.8 ശതമാനമായിരുന്നു.

വ്യാപാരത്തർക്കത്തെ തുടർന്ന്, ചൈനീസ് ഉത്പന്നങ്ങൾക്ക് അമേരിക്ക അധിക നികുതി ഏർപ്പെടുത്തിയത് കയറ്റുമതിയെ ബാധിച്ചതാണ് കഴിഞ്ഞ വർഷം തിരിച്ചടിയായത്. 2018ലെ അവസാന പാദമായ ഒക്ടോബർ-ഡിസംബറിൽ ജി.ഡി.പി വളർച്ച 6.4 ശതമാനമാണ്. മുൻവർഷത്തെ സമാനപാദത്തിൽ വളർച്ച 6.5 ശതമാനമായിരുന്നു. ലോകത്തെ ഏറ്റവും വലിയ സമ്പദ് ശക്തികളിലൊന്നായ ചൈനയുടെ വളർച്ച, ആഗോള സമ്പദ്‌വ്യവസ്ഥയെ തന്നെ ബാധിക്കുമെന്നാണ് വിലയിരുത്തൽ. ചൈനയിലെ വില്പനത്തളർച്ച മൂലം ആപ്പിളിന്റെ വരുമാനവും കുത്തനെ ഇടിഞ്ഞിരുന്നു.

അതേസമയം, ഡിസംബറിൽ ചൈനയുടെ വ്യാവസായിക ഉത്പാദനം 5.3 ശതമാനത്തിൽ നിന്ന് 5.7 ശതമാനത്തിലേക്ക് ഉയർന്നത് ബിസിനസ് ലോകത്തിന് നേരിയ ആശ്വാസമായിട്ടുണ്ട്.

■ പമ്പ് സ്വന്തമാക്കാൻ തിരക്ക്

1731 പുതിയ പെട്രോൾ പമ്പുകൾ വരുന്നു

▸ ബിസിനസ് ലേഖകൻ

കൊച്ചി: പെട്രോളിനും ഡീസലിനും ഡിമാൻഡ് കൂടിയത് പരിഗണിച്ച് സംസ്ഥാനത്ത് പുതിയ പമ്പുകൾ തുറക്കാൻ എണ്ണക്കമ്പനികൾ ക്ഷണിച്ച അപേക്ഷയ്ക്ക് മികച്ച പ്രതികരണം. പുതിയ പമ്പുകൾക്കായി തീരുമാനിച്ച 'ലൊക്കേഷനുകളിൽ' 90 ശതമാനത്തിനും ഡിസംബറോടെ തന്നെ പ്രതീക്ഷിച്ചതിലേറെ അപേക്ഷകൾ ലഭിച്ചെന്ന് ഇന്ത്യൻ ഓയിൽ കോർപറേഷൻ (ഐ.ഒ.സി) അധികൃതർ കേരളകൗമുദിയോട് പറഞ്ഞു. 54 ശതമാനം പേരും അപേക്ഷിച്ചിരിക്കുന്നത് ഐ.ഒ.സിയുടെ ലൈസൻസിന് വേണ്ടിയാണ്.

കേരളത്തിൽ പുതിയ 1731 പമ്പുകൾ തുറക്കാൻ ഐ.ഒ.സി, ബി.പി.സി.എൽ, ഹിന്ദുസ്ഥാൻ പെട്രോളിയം എന്നിവ ചേർന്ന് അപേക്ഷക്ഷണിച്ചത് കഴിഞ്ഞ നവംബറിലാണ്. രാജ്യവ്യാപകമായി 65,000 പുതിയ പമ്പുകൾ തുറക്കുന്നതിന്റെ ഭാഗമായാണിത്. കേരളത്തിൽ 960 എണ്ണം നഗര, അർദ്ധനഗര പരിധിയിലും 771 എണ്ണം ഗ്രാമങ്ങളിലും തുറക്കും. അപേക്ഷകർ ഇന്ത്യൻ പൗരന്മാർ ആയിരിക്കണം, ക്രിമിനൽ കേസുകൾ ഉണ്ടാകരുത്, മിനിമം പത്താംക്ലാസ് വിദ്യാഭ്യാസ യോഗ്യത വേണം എന്നിവയാണ് ലൈസൻസിനുള്ള മുഖ്യ ചട്ടം. 21 നും 60 നും ഇടയിൽ പ്രായമുള്ളവരാണ് അപേക്ഷിക്കേണ്ടത്. ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് പമ്പുകൾ അനുവദിക്കും.

അതേസമയം, പുതിയ പമ്പുകൾ തുറക്കാൻ രണ്ടു വർഷം വരെ കാലതാമസമെടുക്കുമെന്ന് ഐ.ഒ.സി അധികൃതർ പറഞ്ഞു. പുതിയ പമ്പിന് ജില്ലാ ഭരണകൂടത്തിൽ നിന്നുൾപ്പെടെ 14 എൻ.ഒ.സികൾ ലഭിക്കേണ്ടതുണ്ട്. ഇതു ലഭിച്ചാൽ, സ്വന്തമായി ഭൂമിയുള്ളവർക്ക് ആദ്യം ലൈസൻസ് നൽകും. നഗരങ്ങളിൽ സ്ഥലലഭ്യമാകിയാൽ പമ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ കമ്പനി നിർമ്മിച്ച് നൽകും. ഗ്രാമീണ മേഖലയിൽ സ്റ്റാൻഡ്, ഡിസ്പെൻസിംഗ് യൂണിറ്റ് എന്നിവ കമ്പനി ലഭ്യമാക്കും. ബാക്കി സൗകര്യങ്ങൾ ഡീലർ തന്നെ ഒരുക്കണം. പൂർണമായും ഓട്ടോമേറ്റഡ് ആയ പമ്പുകളാണ് പുതുതായി തുറക്കുക.

മുന്നിൽ കേരളം

ഇന്ത്യയിൽ ഇന്ധന ഉപഭോഗത്തിൽ ഒന്നാമത് കേരളമാണ്. കേരളത്തിലെ പെർ പമ്പ് തൂപ്പ് ശരാശരി 205 കിലോലിറ്ററാണ്. ദേശീയ ശരാശരി 135 കിലോലിറ്റർ.

ഡിമാൻഡില്ലാതെ ഡീസൽ

നടപ്പു സാമ്പത്തിക വർഷം ഒക്ടോബർ വരെ ദേശീയതലത്തിൽ പെട്രോളിന് എട്ട് ശതമാനവും ഡീസലിന് നാല് ശതമാനവും ഡിമാൻഡുയർന്നിരുന്നു. കേരളത്തിൽ പെട്രോൾ വില്പന വളർച്ച നാല് ശതമാനം. എന്നാൽ, ഡീസലിന്റെ ഡിമാൻഡ് മൂന്നു ശതമാനം കുറഞ്ഞു. പ്രളയം, ടൂറിസം മേഖലയുടെ തളർച്ച, പെട്രോൾ വാഹനങ്ങൾക്ക് ലഭിക്കുന്ന സ്വീകാര്യത എന്നിവയാണ് ഡീസലിന് തിരിച്ചടിയായത്.

17,300 പേർക്ക് തൊഴിൽ

പുതുതായി തുറക്കുന്ന ഓരോ പമ്പിലും എട്ട് മുതൽ പത്തു വരെ പേർക്ക് തൊഴിൽ കിട്ടും. ലക്ഷ്യമിട്ടിരുന്ന 1,731 പമ്പുകളും തുറക്കുമ്പോൾ ജോലി ലഭിക്കുക 17,300 പേർക്ക്.

₹ 30-75 ലക്ഷം നിക്ഷേപം

പുതിയ ഓരോ പമ്പിനും അടിസ്ഥാന സൗകര്യം ഒരുക്കാൻ ഗ്രാമീണ തലത്തിൽ 30 ലക്ഷം രൂപയും നഗരങ്ങളിൽ 40-75 ലക്ഷം രൂപയുമാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

2,005 ഇപ്പോൾ കേരളത്തിൽ പ്രവർത്തിക്കുന്നത് 2,005 പമ്പുകൾ. 1,490 എണ്ണം നഗരങ്ങളിലും 515 എണ്ണം ഗ്രാമങ്ങളിലുമാണുള്ളത്.

ഡീലർ കമ്മിഷൻ

നിലവിൽ പമ്പുടമകൾക്ക് ലഭിക്കുന്ന കമ്മിഷൻ:- (ലിറ്ററിന്)

■ പെട്രോൾ: ₹ 3.24 ■ ഡീസൽ: ₹2.25

SCRIP	BSE	NSE
ABB	1276.500	1281.100
ACC	1429.650	1429.300
Adani Power	49.950	49.800
AKSHOPTICAL	23.350	23.350
AMARAJA	775.400	776.700
ANDHARA BANK	28.200	28.050
APPOLOHOS	1326.400	1326.050
ARVINDMILL	92.250	92.350
ASHOKLEY	90.650	90.600
ASIANPNT	1420.650	1422.100
AVAYA GLOBAL	113.400	114.900
AXISBANK	660.250	660.300
BAJAJAUTO	2685.450	2684.600
BALAJITELE	95.000	94.850
BANKOFBARODA	116.450	116.450
BATAIND	1147.650	1147.550
BEML	888.450	889.150
BFLSOFT	874.100	877.050
BHARTI	310.450	311.350
BHARTI SHIPYARD	2.970	2.750
BHEL	70.750	70.950
BIOCON	663.200	663.000
BOI	100.650	100.650
BOMBDYE	120.450	120.350
BPCL	351.000	351.550
BPL	40.950	41.050
BRITANNIA	3148.750	3148.400
BSES	289.150	289.650
CANARABANK	268.400	268.000
CEAT	1227.000	1226.300
CENTURY TEXT	884.150	885.600
CHENNAIPETRO	263.650	263.900
CIPLA	510.800	509.250
COLGATE	1312.900	1313.250
CORPBNK	27.350	27.350
CRANESOFT	2.350	0.000
CREATIVEYE	3.070	0.000
CROMPGREV	42.150	42.250
D-LINK	0.000	85.250
DABUR	427.350	428.150
DENABANK	13.300	13.350
DIVIS LAB	1497.900	1497.200
DRREDDY	2601.850	2599.800
DWARKESH SUGAR	24.050	24.050
EIHOTEL	181.350	180.500
ENGGINDIA	115.800	115.700
ESCORTS	733.250	733.250
FINLXCABLE	439.950	439.050
GAIL	327.300	327.800
GARDEN SILK	24.400	24.400
GESHIPP	310.550	310.500
GLAXO	1398.800	1404.800
GLENMARK	646.700	646.100
Globus Spirits Ltd	151.000	151.200
GNFC	353.500	353.200
GODREJS	784.050	784.350
GRASIM	815.800	815.650
GUJAMBCEM	212.550	212.300
HCLINFO	23.350	23.250
HDFC	2003.300	2004.450
HDFCBNK	2146.550	2148.150
HEROHONDA	2794.500	2794.250
HINDALCO	207.050	207.650
HINDLEVER	1748.300	1746.900
HINDUJAFUN	389.050	389.150
HMCHLFUT	22.300	22.350
HOTLLEELA	14.950	15.050
HPCL	238.450	238.650
I-FLEX	3685.400	3683.700
ICICIBANK	371.250	371.700
IDBI	56.500	56.350
INDHOTEL	136.800	136.900
INDIACEM	84.050	84.050
INFOSYS	742.750	745.000
INFOTECH ENT	601.550	599.900
IOB	14.340	14.250
IOC	135.700	135.650
ITC	289.650	289.900
Jindal Cotex Ltd	5.320	5.350
KALECONSULT	929.350	929.600
KARUR VYSYA BANK	91.800	92.050
KOPRAN	41.200	41.250
KOTAKM	1267.300	1267.600
L&T	1314.200	1314.550
LICHSGFIN	473.650	473.100
LUPINCHEM	865.500	866.650
LYKALAB	26.600	26.550
M&M	730.550	730.300
MAHABANK	14.610	14.500
Mahindra Holidays	213.500	213.000
MARUTI	7200.950	7208.400
MAXIND	439.000	438.950
MCDOWEL	588.750	587.300
MIDDAY	25.150	25.400
MRF	65880.050	66126.100
MROTECH	44.450	43.350
MTNL	15.050	15.000
MUKTAARTS	39.450	39.050
NAICHOLAS	2281.700	2281.700
NEYTELI	68.050	68.000
NHPC Ltd	25.300	25.250
NIIT	92.950	93.050
NTPC	143.300	143.400
OBC	93.900	93.850
Oil India Ltd (OIL)	172.050	171.950
ONGC	144.750	144.700
ONWARDTECI	61.500	62.100
PANACEABIO	164.750	164.000
PETRONET	218.350	218.000
PFIZER	2674.800	2674.900
Pipavav Shipyard	12.800	12.750
PRYACEM	119.800	120.000
PTC	86.600	86.700
RAMCOSYS	256.150	256.000
RELCAP	208.200	208.650
RELIANCE	1234.500	1237.700
ROLTA	7.660	7.650
SAIL	49.400	49.350
SARIGAMA	618.150	620.450
SBI	292.350	292.450
SCI	43.800	43.850
SIEMENS	1046.300	1044.800
SKFBEAR	1926.100	1925.350
SMITHKLC	7232.000	7213.000
SSI	3.900	3.800
STROPTICAL	297.050	297.200
SUNPHARMA	398.350	398.300
SYNDIBANK	37.050	37.150
Tata Communications	512.350	513.050
TATACHEM	688.500	688.050
TATAELXSI	963.650	963.450
TATAPOWER	75.950	75.950
TATATEA	210.100	210.500
TCS	1905.800	1908.700
TELCO	181.400	181.500
THERMAX	1070.450	1069.750
THMCOCK	225.450	226.450
TIPSINDIA	59.850	60.050
TISCO	471.550	471.700
TITANIND	964.350	962.750
TRIGNYTECH	81.800	81.250
UCOBANK	20.150	20.050
UNICHEMLAB	211.650	211.150
VESUVIUS	1212.950	1211.700
VOLTAS	536.300	536.550
WIPRO	337.500	337.800
ZEETELE	436.750	436.650
KERALA BASED		
APOLLOTYRE	217.050	216.600
AVTNPL	26.550	25.950
Cochin minerals	223.400	0.000
COCHINSHIP	361.600	360.550
Dhan bank	16.800	16.850
Eastern Treads	49.400	0.000
Fact	42.600	42.300
FEDERALBNK	88.800	88.700
GEOJIT	42.850	42.650
Gtn textiles	9.150	10.650
HARIMALA	80.650	80.450
INDITRADE	45.500	0.000
Kera ayu	68.200	0.000
Kitex	107.900	107.550
Kse ltd.	1681.800	0.000
Manapuram	98.800	99.050
Muthoot capital	968.650	965.700
Muthootfin	545.450	544.950
Nitta gelatin	136.000	0.000
Patspin india	12.010	12.150
RUBFILA INTL [BSE]	41.850	0.000
SIB	14.200	14.200
Sree sakthi paper	6.540	0.000
Vertex	1.780	0.000
Vguard	203.850	203.650
WONDERLA	275.300	277.850

വിനിമയനിരക്ക്

കറൻസി	സെൽ	ബയിംഗ്
ഡോളർ	71.33	71.24
യൂറോ	81.09	80.99
പൗണ്ട്	91.80	91.72
സ്വിസ്ഫ്രാങ്ക്	71.49	71.40
സിംഗപ്പൂർ ഡോളർ	52.47	52.38
ആസ്ട്രേലിയ ഡോളർ	51.03	50.99
കനേഡിയൻ	53.67	53.58
ബഹ്റിൻ ദിനാർ	185.05	
കുവൈറ്റ് ദിനാർ	234.88	
ഒമാനി റിയാൽ	185.14	
സൗദി റിയാൽ	19.00	
യു. എ. ഇ. ദിർഹം	19.40	
ഖത്തർ റിയാൽ	19.57	

കമ്പോളനിലവാരം

കൊച്ചി

വെളിച്ചെണ്ണ മില്ലിംഗ്	18,600
വെളിച്ചെണ്ണ	16,900
കൊപ്ര	11,285-12,500
പിണ്ണാക്ക് എള്ള് പെല്ലറ്റ്	2400
പിണ്ണാക്ക് റോട്ടറി	2900
കുരുമുളക്	
ചേറ്റാത്തത്	34,400
കുരുമുളക് പുതിയത്	32,900
കുരുമുളക് ചേറ്റിയത്	36,400
ചുക്ക് മീഡിയം	23,500
ചുക്ക് ബെസ്റ്റ്	28,500
മഞ്ഞൾ	12,500
സേലം-ഈറോഡ്	8700-9000
കാഞ്ഞിരക്കുരു	1850
അടയ്ക്ക	
പുതിയത്	22,000-23,000
അടയ്ക്ക പഴയത്	ഇല്ല
പഞ്ചസാര	3460
വറ്റൽമുളക്	10,500-13,500
ഉഴുന്ന്	6500-8000
ചെറുപയർ	6800-7400
കടല	6000-7000
മുതിര	4200
എള്ള്	9500-15000
മല്ലി	6800-10,200
പച്ചരി നമ്പർ-2	2900
പുഴുക്കലരി (ജയ)	2800-2900
ഗ്രാമ്പൂ	725
പാം ഓയിൽ	6500
ജാതിക്ക	
തൊണ്ടൻ	225-260
തൊണ്ടില്ലാത്തത്	450-475
ജാതിപത്രി ചുവപ്പ്	700-900
പൈനാപ്പിൾ	
പച്ച	14.00
പഴം	12.00
സ്പെഷ്യൽ	15.00
റബർ	
ആർഎസ്എസ്4	12,500
ആർഎസ്എസ്-5	12,400-12,500
ഒട്ടുപാൽ	8800
ലാറ്റക്സ്	8500
കോട്ടയം	
ആർ.എസ്.എസ്4	121.00
ആർ.എസ്.എസ്5	116.50
തരംതിരിക്കാത്തത്	105.00
	105.50
ഒട്ടുപാൽ	80.00
റബർ ബോർഡ്	
ആർ.എസ്.എസ്4	12500
ആർ.എസ്.എസ്5	12050
തരംതിരിക്കാത്തത്	--
ഒട്ടുപാൽ	--
ബാങ്കോക്ക്	
ആർ.എസ്.എസ്1	11772
ആർ.എസ്.എസ്2	11637
ആർ.എസ്.എസ്3	11513
ആർ.എസ്.എസ്4	11445
ആർ.എസ്.എസ്5	11344
കോലാലമ്പൂർ (ബ്രായ്ക്കറ്റിൽ ഡോളർ വില)	
എസ്.എം.ആർ 20	—
60% ലാറ്റക്സ്	—
വെളിച്ചെണ്ണ	192.00
കൊപ്ര	138.00
ശർക്കര (മറയൂർ)	70.00
ശർക്കര (പാണ്ടി)	52.00
കാപ്പി	118.00
കണ്ണൂർ	
കൊപ്രക്വിന്റൽ	11200
വെളിച്ചെണ്ണ	
ടിൻ	2870
കിലോ	194
ലിറ്റർ	182
പിണ്ണാക്ക്ക്വിന്റൽ	2500
തേങ്ങക്വിന്റൽ	3500
ആലപ്പുഴ	
വെളിച്ചെണ്ണ മില്ലിംഗ്	16,000
വെളിച്ചെണ്ണ	15,100
കൊപ്ര	10,100
,,	10,150
,,	10,200
തൃശ്ശൂർ	
വെളിച്ചെണ്ണ (മില്ലിംഗ്)	18000
തയ്യാർ	17000
കൊപ്ര	11780
തേങ്ങപിണ്ണാക്ക്	2400
നല്ലെണ്ണ	3200
കടലെണ്ണ	2200
എള്ളിൻപിണ്ണാക്ക്	3400
സ്വർണ്ണം	3020
വെള്ളി	430
അടയ്ക്ക കൊക്കാല	
പഴയത്	4000-5000
പുതിയത്	4000-4600
രണ്ടാംതരം	1000-2000
അമല	
പഴയത്	4680-5250
പുതിയത്	4355-4790
രണ്ടാംതരം	2000-3500
പഴഞ്ഞി	
പഴയത്	4800-5150
പുതിയത്	4300-4600
രണ്ടാംതരം	3000-4000
നെടുമങ്ങാട്	
റബർ	111 (കി.ഗ്രാം)
ഒട്ടുപാൽ	72(")
കൊട്ടപ്പാക്ക്	200(")
വരവുതേനി	150(")
കുരുമുളക്	310(")
കുരുമുളക് (പച്ച)	113(")
ജാതിക്ക	180(")
പരിപ്പ്	380(")
ജാതിപത്രി	800(")
തേങ്ങ	40(")
കൊക്കോ	12(")
കാപ്പി	95(")
ഗ്രാമ്പൂ	500(")
സ്വർണം	
കൊച്ചി (8ഗ്രാം)	24,160
ഒരുഗ്രാം	3020
വെള്ളി	
തിരുവനന്തപുരം	44,440
കൊച്ചി	44,440

ശാസ്ത്രകൗമുദി

കഴിച്ച് നേടുക ഉന്മേഷം

മാനസികോന്മേഷത്തിന് നാം കഴിക്കുന്ന ഭക്ഷണവുമായി അഭേദ്യമായ ബന്ധമുണ്ടെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. വൈറ്റമിൻ ഡി അടങ്ങിയ ഭക്ഷണം മാനസികോല്ലാസവും ഉന്മേഷവും പകരും. ഭക്ഷണത്തിന് പുറമെ സൂര്യപ്രകാശമേൽക്കുന്നത് വൈറ്റമിൻ ഡിയുടെ അപര്യാപ്തത പരിഹരിക്കും.

മഗ്നീഷ്യത്തിന്റെ അഭാവം ഡിപ്രഷനുണ്ടാക്കും. ഉത്കണ്ഠ, ഇൻസോമ്നിയ, തളർച്ച എന്നിവയ്ക്കും കാരണമാണിത്. ധാന്യങ്ങൾ, ഇലക്കറികൾ, ബീൻസ്, സൂര്യകാന്തിയുടെ കുരു എന്നിവ മഗ്നീഷ്യത്തിന്റെ കലവറയാണ്.

ഇലക്കറികൾ, തവിട് കളയാത്ത ധാന്യങ്ങൾ, പച്ചക്കറികൾ, ഓട്സ് എന്നിവ ഫൈബർ അടങ്ങിയ ഭക്ഷണങ്ങളാണ്. നാരുകൾ കുറഞ്ഞ ഭക്ഷണം കഴിയ്ക്കുന്നവരിൽ ഡിപ്രഷൻ സാദ്ധ്യത കൂട്ടുതലെന്നും പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. അമിതവണ്ണമുള്ളവരിൽ ഡിപ്രഷനും ഉൽസാഹക്കുറവും കാണാറുണ്ടല്ലോ. ഇതിനുള്ള പരിഹാരമാണ് നാരുകൾ അടങ്ങിയ ഭക്ഷണം. ഇത് എളുപ്പം ദഹിക്കാൻ സഹായിക്കുമെന്നതിനാൽ അമിതവണ്ണം തടയും. റെഡിട്ടു ഈറ്റ് ഭക്ഷണങ്ങളിൽ അടങ്ങിയിട്ടുള്ള അനാരോഗ്യകരമായ ഘടകങ്ങൾ മാന